5.

## ഇരട്ടിപ്പിക്കൽ

ഖുർആൻ പാരായണനിയമങ്ങളുടെ സാങ്കേതികഭാഷയിൽ മണിച്ചു ഇരട്ടിപ്പിക്കലിന് ഗുന്നത്ത് غُنَّة എന്നു പറയുന്നു. അറബിഅക്ഷരങ്ങളുടെ മുകളിൽ ശദ്ദത്തിൻെറ ചിഹ്നം (ـّ) ഉണ്ടാകുകയാണ തിൻെറ അടയാളം. അക്ഷരത്തെ കട്ടി കൂട്ടി ഉച്ചരിക്കുന്നതിനുള്ളതാണത്. ശദ്ദത്തിൻെറ ചിഹ്ന മുള്ള എല്ലാ അക്ഷരങ്ങളെയും രണ്ട് അക്ഷരം ഉച്ചരിക്കുന്ന സമയം മുഴക്കത്തോടെ മണിക്കണം. തരിമൂക്കാണ് ഇതിൽ സഹായിക്കുന്നത്. نّ = نْ + نَ (ന +ന = ന്ന) എന്നതാണ് അതിൻെറ രൂപം.

### ഇരട്ടിപ്പിക്കൽ മൂന്നു വിധം

1. ഒരേ വർഗത്തിലും വിശേഷണത്തിലും പെട്ട അറ്ററങ്ങളെ കൂട്ടിച്ചേർക്കുന്നതാണ് ഒരു രീതി. ഉദാ- فِي قُلُوبِهِم مَرَضٌ / قُل لَهُم - إِذْهَب بِكِتَابِي തുടങ്ങിയവ. ഇവ എവിടെ വന്നാലും ഇരട്ടിപ്പിക്കണം.
2. ഒരേ ഉത്ഭവസ്ഥാനമുള്ളതാണെങ്കിലും അക്ഷരം വ്യത്യസ്തമായി വരുന്ന ഘട്ടങ്ങൾ ഉണ്ടാകാറുണ്ട്. ഉദാഹരണം-قَد تَبَيَّنَ / أُجِيبَت دَّعْوَتُكُمَا . ഇവിടെ ആദ്യത്തെ ഉദാഹരണത്തിലെ ദ രണ്ടാമത്തെ ഉദാഹരണത്തിലെ ത എന്നീ അക്ഷരങ്ങളെ ഇരട്ടിപ്പിക്കണം.
3. ഉത്ഭവസ്ഥാനവും ഉച്ചാരണവും വ്യത്യാസമായി വരുന്ന ഘട്ടങ്ങൾ ഉണ്ടാകാറുണ്ട്. അതാണ് മൂന്നാമത്തേത്. ഉദാ- بَل رَّفَعَهُ اللهُ / أَلَمْ نَخْلُقكُّم തുടങ്ങിയവ.

ഒന്നും രണ്ടും വിഭാഗങ്ങളിൽ ഒമ്പത് വിധത്തിലുള്ള അക്ഷരങ്ങളെയാണ് ഇരട്ടിപ്പിക്കേണ്ടത്. അവ:

| | |
|---|---|
| وقَالَ الطَّائِفَة (آل عمران) | إِرْكَب مَّعَنَا (هود) |
| يَلْهَث ذَّلِك (الأعراف) | أُجِيبت دَّعْوَتكُمَا ( يونس) |
| بَل رَّفَعَهُ اللهُ (النساء) | إِذظَّلَمْتُمْ (الزخرف) |
| قَد تَبَيَّنَ (البقرة) | أَلَمْ نَخْلُقكُّمْ (المرسلات) |
| | مَا فَرَّطتُ (الزمر) |

ഇവിടെയൊക്കെ ഇരട്ടിപ്പിച്ചു ഓതേണ്ട അക്ഷരങ്ങൾക്കു മുകളിൽ ശദ്ദത്തിൻെറ ചിഹ്നം ഇട്ടിട്ടുണ്ട്.